(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജൈവ വൈവിധ്യം ഉപയോഗപ്പെടുത്തി വ്യവസായ പുരോഗതി

1 (1175) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജൈവ വൈവിധ്യത്തെ പരമാവധി പ്രയോജനപ്പെടുത്തി വ്യവസായ മേഖലയാക്കാൻ ആലോചിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കേരളത്തിലെ ജൈവ വൈവിധ്യം പരമാവധി പ്രയോജനപ്പെടുത്തി, ബയോടെക്നോളജി മേഖലയുടെ വികസനത്തിനും ഈ മേഖലയിൽ നിക്ഷേപം, തൊഴിൽ സാദ്ധ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും വേണ്ടി വ്യവസായ വകുപ്പിന്റെ കീഴിൽ 31-3-2003-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഒ.(എം.എസ്.)42/2003/വ്യവ. പ്രകാരം ശ്രീ. രാജീവ് വാസുദേവനെ ബയോടെക്നോളജി സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഈ രംഗത്ത് വ്യവസായ മേഖല സ്പോൺസർ ചെയ്യുന്ന ഗവേഷണഫലങ്ങൾ ഗവേഷണ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനും മറിച്ച് വ്യവസായ മേഖലയ്ക്ക് ആവശ്യമായ ഗവേഷണഫലങ്ങൾ ഗവേഷണ സ്ഥാപനങ്ങളിൽനിന്നും വ്യവസായ മേഖലയ്ക്ക് എത്തിക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾ ബയോടെക്നോളജി സ്പെഷ്യൽ ഓഫീസ് തുടങ്ങിക്കഴിഞ്ഞു.

കൂടാതെ, ബയോടെക്നോളജിയെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾ നടത്തുന്നതിനുവേണ്ടി, കിൻഫ്രയുടെ കീഴിൽ തിരുവനന്തപുരത്തും കൊച്ചിയിലും ഓരോ ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി തയ്യാറാക്കിയ പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

ചെറുകിട വ്യവസായങ്ങളുടെ വികസനത്തിന് ചെയ്ത സഹായങ്ങൾ

2 (1176) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം കാര്യങ്ങൾ മുഖേന ചെറുകിട വ്യവസായ രംഗത്ത് കേരളത്തിൽ പുതുതായി എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി ഏതൊക്കെ ധനകാര്യ ഏജൻസികളാണ് തുക നൽകുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ)

1. ഏക ജാലക ക്ലിയറൻസ് ബോർഡുകൾ വഴി വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ ലൈസൻസുകൾ, പെർമിറ്റുകൾ വൈദ്യുതി കണക്ഷൻ എന്നിവ വേഗത്തിൽ നൽകുന്നു.
2. തിരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യവസായ സംരംഭകത്വ ക്ലബ്ബുകൾ രൂപീകരിച്ചു.
3. സ്ഥിരം രജിസ്ട്രേഷൻ ഉടനടി നൽകുന്നു.
4. ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുമ്പോൾ ആവശ്യപ്പെടുന്ന സംരംഭകന്റെ വിഹിതത്തിന്റെ ഒരു ഭാഗം വിത്ത് മൂലധന വായ്പയായി നൽകുന്നു.
5. മൂലധന നിക്ഷേപത്തിന്റെ നിശ്ചിത ശതമാനം മൂലധന സബ്സിഡിയായി നൽകുന്നു.
6. സാങ്കേതിക വികസനം ആവശ്യമായ യൂണിറ്റുകൾക്ക് പ്രത്യേകിച്ചും വിവര സാങ്കേതികവിദ്യാ-മേഖല, കാർഷികാധിഷ്ഠിത ഭക്ഷ്യസംസ്ക്കരണ മേഖല ജൈവ സാങ്കേതികവിദ്യാമേഖല എന്നിവയിലെ വ്യവസായ യൂണിറ്റുകൾക്ക് പ്രത്യേക സഹായങ്ങൾ നൽകുന്നു.
7. ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക സബ്സിഡി വിപണന സഹായം/വിപണന പ്രചോദന സഹായം നൽകുന്നു.
8. ഉൽപ്പാദനച്ചിലവ് കുറയ്ക്കുന്നതിനും വിപണനം എളുപ്പമാക്കുന്നതിനുമായി വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായങ്ങൾ നൽകുന്നു.
9. ഒൺടൈം സെറ്റിൽമെന്റ് പദ്ധതി നടപ്പിലാക്കി.

(ബി) വ്യവസായ വികസന നടപടിയുടെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 മേയ് 31 വരെ 30933 ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) കെ.എഫ്.സി., വിവിധ ബാങ്കുകൾ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളാണ് പ്രധാനമായും വായ്പ നൽകുന്നത്. കൂടാതെ കെ.എസ്.ഐ.ഡി.സി. തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് വായ്പ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly